(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ കൊയിലാണ്ടിയിൽ നിർമ്മിച്ച കനാലുകളിൽ 2006 ഏപ്രിൽ മാസത്തിനുശേഷം അറ്റകുറ്റപ്പണികൾക്കും മറ്റുമായി എത്ര രൂപ ചെലവഴിച്ചു എന്ന വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു

(ബി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി 2005-06 വർഷംമുതൽ നാളിതുവരെ 1,76,72,139 രൂപ ചെലവഴിച്ചു.

കനോലി കനാലിന്റെ രണ്ടാംഘട്ട നവീകരണം

100 (697) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കനോലി കനാലിന്റെ രണ്ടാംഘട്ട നവീകരണം (കൈപ്പുറത്ത് പാലംമുതൽ എരഞ്ഞിക്കൽ വരെയുള്ള ഭാഗം) തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 12-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ കാലാവധി 31-3-2010 വരെ ആയിരുന്നു. ഈ പദ്ധതി ഏറ്റെടുത്ത ഏജൻസി നിശ്ചിതകാലാവധിക്കുള്ളിൽ പ്രവൃത്തി ചെയ്തു തീർക്കാത്തതിനാലാണ് പ്രവൃത്തി തടസ്സപ്പെട്ടത്.

കബനി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

101 (698) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ കബനി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽപ്പെടുത്തി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാമാണ് ; നൽകിയിട്ടില്ലെങ്കിൽ ഉടൻ അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) വയനാട് ജില്ലയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഇറിഗേഷൻ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇക്കാര്യത്തിലുള്ള പുരോഗതി വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly